# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2034** | **13/06/2019-ൽ മറുപടിയ്ക്ക്**

## ചെള്ള് പനി പ്രതിരോധ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) മലപ്പുറം ജില്ലയിൽ ചെള്ള് പനി ബാധിച്ച് മരണം സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

എ) മലപ്പുറം ജില്ലയിൽ 54 വയസ്സുള്ള ചേലാമ്പ്രക്കാരിയായ സ്ത്രീ കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് 17/05/2019 ന് സ്ക്രബ് ടൈഫസ് ബാധിച്ച് മരിച്ചതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 18/05/2019 ന് മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ടീം സ്ഥലം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി. 25/05/2019 ന് ടി പ്രദേശത്തെ 82 വീടുകളിൽ സന്ദർശനം നടത്തി, ബോധവത്കരണം നടത്തുകയും 65 പേർക്ക് ഡോക്സി സൈക്ലിൻ പ്രതിരോധ ഗുളികകൾ നൽകുകയും ഉണ്ടായി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ആരോഗ്യപ്രവർത്തകരും ഗൃഹസന്ദർശനം നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ ജനങ്ങൾക്ക് നൽകുകയും ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ചെള്ളുകളെ ശേഖരിച്ച് പരിശോധനയ്ക്കയച്ചു.

തുടർന്ന് ചെള്ളുകളുടെ നിരീക്ഷണം ഊർജ്ജിതപ്പെടുത്തുകയും ചെള്ളുകടി ഏൽക്കാതിരിക്കാൻ ജനങ്ങൾ റിപ്പലന്റുകൾ ഉപയോഗിക്കുവാനും ശരീരം മുഴുവൻ മറയ്ക്കുന്ന നീണ്ട വസ്ത്രങ്ങൾ ധരിക്കുവാനും നിർദ്ദേശിച്ചു. പനി നിരീക്ഷണം കാര്യക്ഷമമാക്കി.

ബി) പനി പരത്തുന്ന ചിഗർ മൈറ്റിന്റെ സാന്നിധ്യം മറ്റെവിടെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോ; പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) തിരുവനന്തപുരം, വയനാട് ജില്ലകളിലാണ് 2019 ൽ കൂടുതൽ പേർക്ക് ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെട്ടത്. കോഴിക്കോട്, കൊല്ലം, ഇടുക്കി, കോട്ടയം, കണ്ണൂർ തുടങ്ങിയ ജില്ലകളിലും ചുരുക്കം ചിലർക്ക് ചെള്ളുപനി പിടിപെടുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിലും മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം തദ്ദേശ സ്വയംഭരണ/കൃഷി വകുപ്പുകളുടെ

പങ്കാളിത്തത്തോടെ എലി നശീകരണം, പുല്ല്/ കുറ്റിച്ചെടികളുടെ നിയന്ത്രണം തുടങ്ങിയവയും നടത്താനുള്ള നടപടികൾ എടുത്തിട്ടുണ്ട്. വ്യക്തിസുരക്ഷാ മാർഗ്ഗങ്ങളും രാസ-നിയന്ത്രണ മാർഗ്ഗങ്ങളും നടത്തിവരുന്നുണ്ട്.

**സി)** വിശദമായ ഫീവർ സർവ്വേ നടത്തുവാനും പ്രതിരോധ മരുന്നായ ഡോക്സി സൈക്ലിൻ എത്തിക്കുവാനും സത്വര നടപടി സ്വീകരിക്കുമോ?

**സി)** ചെള്ള് പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും അതിന് സാധ്യതയുള്ള സ്ഥലങ്ങളിലും പനി നിരീക്ഷണം കാര്യക്ഷമമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. രോഗം വരാൻ സാധ്യതയുള്ള ജന വിഭാഗങ്ങൾക്ക് സൗജന്യമായി ഡോക്സി സൈക്ലിൻ ഗുളികകൾ നൽകി വരുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**